**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3527.** **19.10.2016 ന് മറുപടിയ്ക്ക്**

**മദ്യവർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. മദ്യ ലഹരിവസ്തുക്കൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതിന് വൻപിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്.<br><br>മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടേയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവത്ക്കരിക്കുന്നതിന് എക്സൈസ് കമ്മീഷണർ നേരിട്ട് 100 -ൽ അധികം സ്കൂളുകളിലും കോളേജുകളിലും ക്ലാസ്സുകൾ നടത്തുകയുണ്ടായി. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് നിരവധി ബോധവത്ക്കരണ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ച് വരുകയാണ്.<br><br>'വിമുക്തി' എന്ന പേരിൽ കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം എസ്.പി.സി സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും, വിദ്യാർത്ഥി യുവജന മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ. കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനമാണ് സർക്കാർ |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നത്. നിലവിൽ സ്കൂൾ, കോളേജ്തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളെ ശക്തിപ്പെടുത്തുവാനും കൂടുതൽ വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരി വർജ്ജന ബോധവത്ക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് നിലവിലുള്ള മദ്യനയം നടപ്പിലാക്കി തുടങ്ങിയശേഷം ലഹരി വസ്തുക്കളുടെയും പ്രത്യേകിച്ച് മയക്കമരുന്നുകളുടെയും വിപണനവും ഉപഭോഗവും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>മയക്കമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. ഇത് കൂടാതെ എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ആധുനിക സംവിധാനങ്ങളുപയോഗിച്ച് എക്സൈസ് കമ്മീഷണർക്ക് കിട്ടുന്ന രഹസ്യ വിവരങ്ങളും പരാതികളും 24 മണിക്കൂറിനകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റ 25.05.2016 മുതൽ 25.09.2016 വരെയുള്ള നാല് മാസക്കാലയളവിൽ എക്സൈസ് വകുപ്പ് 1068 എൻ.ഡി.പി.എസ് കേസുകളും 20,302 COTPA കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി 1068 എൻ.ഡി.പി.എസ് കേസുകളിലായി 1177 പ്രതികളെ അറസ്റ്റ് ചെയ്യുകയും ടി എൻ.ഡി.പി.എസ് കേസുകളിൽ നിന്ന് 380.924 കിലോഗ്രാം കഞ്ചാവും 784 |

| | | | |
|---|---|---|---|
| | | | കഞ്ചാവ് ചെടികളും തൊണ്ടിയായി പിടിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. മദ്യ-ലഹരി വസ്തുക്കൾ മൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതിന് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, 'വിമുക്തി' രൂപീകരിച്ച് ഈ വിഷയത്തിൽ ശക്തമായി ഇടപെടുവാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**